## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1052 — 14.01.2021 ൽ മറുപടിയ്ക്ക്

### വർക്കല ഗവ. ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജോയി: | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ പുതുതായി അനുവദിച്ച ഗവ. ഐ.ടി.ഐ.യിൽ ഏതെല്ലാം ട്രേഡുകളാണ് അനുവദിച്ചതെന്നും ഓരോ ട്രേഡിലും എത്ര സീറ്റുകളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ; | **(എ)** വർക്കല ഐ.ടി.ഐ.യിൽ അനുവദിച്ചിട്ടുള്ള ട്രേഡുകളും ഓരോ ട്രേഡിലുമുള്ള സീറ്റുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു.<br>ഡ്രാഫ്റ്റ്സ്മാൻ സിവിൽ (രണ്ട് വർഷം) - 24<br>ഇലക്ട്രീഷ്യൻ (രണ്ട് വർഷം) - 20<br>ഫുഡ് ബെവറേജസ് സർവ്വീസ് അസിസ്റ്റന്റ് (ഒരു വർഷം) - 40<br>മെക്കാനിക് ഡീസൽ (ഒരു വർഷം) - 48 |
| **(ബി)** വർക്കല ഗവ. ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | **(ബി)** വർക്കല ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 113.67 സെന്റ് ഭൂമി ലഭ്യമായിട്ടുണ്ട്. |
| **(സി)** പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | **(സി)** വർക്കല ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനായി 5.5 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുകയും ടി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ